**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ:ശ്രീമതി.ശാലിനി ഗോപിനാഥ്

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്-ജീവനക്കാര്യം- എറണാകുളം ജില്ലാ ഓഫീസിലെ സഹകരണ സംബന്ധമായ സെക്ഷൻ കൈകാര്യം ചെയ്യുന്നതിനും ജില്ലയിലെ ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിലെ ജോലി ഭാരം കണക്കിലെടുത്ത് ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/2641/2025-E2 തിരുവനന്തപുരം,തീയതി:08-09-2025

പരാമർശം:- 1. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 02.07.2025 തീയതിയിലെ ഇതേ നം ഉത്തരവ്.

2. എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 26-07-2025, 21-08-2025 തീയതികളിലെ DDEKM/476/2025-SC2 നം കത്ത്.

**ഉത്തരവ്**

സൂചന(2) എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അപേക്ഷ പ്രകാരം പട്ടിമറ്റം ക്ഷീരവികസന യൂണിറ്റിലെ ക്ലാർക്ക് ശ്രീമതി.ശാലിനി ബാലന് (Pen -875505) സൂചന (1) ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ ഓഫീസിൽ നൽകിയിരുന്ന സ്പെഷ്യൽ ഡ്യൂട്ടി ഒഴിവാക്കികൊണ്ടും പള്ളുരുത്തി ക്ഷീരവികസന യൂണിറ്റിലെ സീനിയർ ക്ലാർക്കായ ശ്രീ.ഡീജു റോഡ്രിഗ്സിനെ എറണാകുളം ജില്ലാ ഓഫീസിൽ 8/09/2025 പൂർവാഹ്നം പ്രാബല്യത്തിൽ 3 മാസത്തേക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിക്കുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

കൂടാതെ സൂചന(2) എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അപേക്ഷ പ്രകാരം ജില്ലയിലെ ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിലെ ജോലി ഭാരം കണക്കിലെടുത്ത് മൂവാറ്റുപുഴ ക്ഷീരവികസന യൂണിറ്റിലെ സീനിയർ ക്ലാർക്കായ ശ്രീമതി.ലൈസമ്മ എം സി (PEN -357816)-ക്ക് 8/09/2025 പൂർവാഹ്നം പ്രാബല്യത്തിൽ 3 മാസത്തേക്ക് കൂവപ്പടി ക്ഷീരവികസന യൂണിറ്റിൽ സ്പെഷ്യൽ ഡ്യൂട്ടി നൽകികൊണ്ടും ഉത്തരവാകുന്നു.

മേൽപടി ഉദ്യോഗസ്ഥർ സ്പെഷ്യൽ ഡ്യൂട്ടിയിൽ ഹാജരായ വിവരം എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്

Signed by
Salini Gopinath
Date: 08-09-2025 16:10:44

**ഡയറക്ടർ**

ശ്രീമതി.ശാലിനി ബാലൻ

ക്ലാർക്ക്, പട്ടിമറ്റം (മേലധികാരി മുഖേന)

ശ്രീമതി.ലൈസമ്മ എം സി

സീനിയർ ക്ലാർക്ക്, മൂവാറ്റുപുഴ (മേലധികാരി മുഖേന)

ശ്രീ.ഡീജു റോഡ്രിഗ്സ്

സീനിയർ ക്ലാർക്ക്, പള്ളുരുത്തി (മേലധികാരി മുഖേന)

പകർപ്പ്::-

1) ഡയറക്ടർ /അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്
2) ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് എറണാകുളം
3) ക്ഷീര വികസന ഓഫീസർ- മൂവാറ്റുപുഴ, കൂവപ്പടി, പള്ളുരുത്തി
4) IT സെൽ - e ഓഫീസിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന്
5) സഞ്ചയം
6) ശേഖര സഞ്ചയം